(സി) അടുത്തുവരുന്ന ഒഴിവിൽ ഒരു ഹരിജനെ നിയമിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കാൻ ഭയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അഞ്ചു്, ചെയർമാൻ ഉൾപ്പെടെ.

(ബി) 1. ശ്രീ. വി. മരിയാർപ്പുതം ചെയർമാൻ, 29-3-1967.
2. ശ്രീ. പി. ടി. ഭാസ്കരപ്പണിക്കർ, മെമ്പർ, 6-4-1965.
3. ശ്രീ. സി. ഒ. റാറി. കുഞ്ഞിപ്പക്കി, മെമ്പർ, 6-4-1965.
4. ശ്രീ. പി. കേശവൻ, മെമ്പർ, 8-3-1964.
5. ശ്രീ. എ. പി. ഉദയഭാനു, മെമ്പർ, 31-1-1969.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ശ്രീ. പി. കേശവൻ പെൻഷൻ പറ്റി പോയ ഒഴിവു് എത്ര കാലത്തിനിടയ്ക്കു് ഫില്ലപ്പു് ചെയ്യും?

ശ്രീ. ആർ. ശങ്കർ: എപ്പോൾ ഫില്ലപ്പു് ചെയ്യാൻ കഴിയുമെന്നു ഇപ്പോൾ വ്യക്തമായി പറയുവാൻ സാധിക്കുകയില്ല. ചിലപ്പോൾ കാലതാമസം വന്നേയ്ക്കും.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ അഞ്ചു മെമ്പറന്മാർ ഉള്ളതിൽ ഒരു നായർ, ഒരു ഈഴവൻ, ഒരു മുസ്ലീം, ഒരു ക്രിസ്ത്യാനി ഇങ്ങനെ ഓരോ സമുദായത്തിലുള്ളവർക്കു മെമ്പർസ്ഥാനം കൊടുക്കുകയും ഒരു റൊട്ടേഷൻ വ്യവസ്ഥയിൽ ഓരോരുത്തർക്കും ചെയർമാന്മാരായി വരികയും ചെയ്യാനുള്ള വ്യവസ്ഥ ഗവണ്മെൻറു സ്വീകരിക്കുമോ; അതിനു വേണ്ട ഏർപ്പാടുകളും ചെയ്യുമോ?

ശ്രീ. ആർ ശങ്കർ: അങ്ങനെ ഏർപ്പാടു ചെയ്യണമെന്നു ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി. സി. ആദിച്ചൻ: ശ്രീ. പി. കേശവന്റെ ഒഴിവിൽ ഈ മുഖ്യമന്ത്രിയുടെ കാലത്തുതന്നെ ഒരു ഹരിജനെ മെമ്പറായി നിയമിച്ചു കാണാനുള്ള സൗഭാഗ്യം ഞങ്ങൾക്കു പ്രതീക്ഷിക്കാമോ?

ശ്രീ. ആർ. ശങ്കർ: ആ സൗഭാഗ്യത്തെപ്പറ്റി എനിക്കു ഇപ്പോൾ യാതൊന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ കുഞ്ഞച്ചൻ: ഈ അഞ്ചു മെമ്പറന്മാരെ തെരഞ്ഞെടുത്ത അവസരത്തിൽ ഒരാളെയെങ്കിലും ഹരിജനങ്ങളിൽനിന്നും തെരഞ്ഞെടുക്കാതിരുന്നതു ശരിയായില്ല എന്നുള്ള അഭിപ്രായം അഖിലേന്ത്യാ കോൺഗ്രസ് പ്രസിഡൻറു് പുറപ്പെടുവിച്ചിട്ടുണ്ടു്. അന്നു മരിച്ചിരുന്ന ഗവണ്മെൻറിനെതിരായ ഒരു ചാർജായിതന്നെ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ആ കാര്യം ഇപ്പോഴെങ്കിലും പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ചാർജ്ജു് ഉന്നയിച്ചതായി എനിക്കറിവില്ല.

മദ്യനിരോധന ലംഘന കേസുകൾ

* 658. [3] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലും, കണ്ണൂർ ജില്ലയിലും മദ്യനിരോധന ലംഘനത്തിനു എത്ര കേസുകൾ 1963 ഡിസംബറിൽ എടുത്തിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേർ സർക്കാർ ഉദ്യോഗസ്ഥന്മാരായിട്ടുണ്ടു്;

(സി) എത്ര പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ മദ്യനിരോധന നിയമം ലംഘിച്ചതിനു് കേസുകൾ എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ)

(എ) തിരുവനന്തപുരം ജില്ലയിൽ 209, കണ്ണൂർ ജില്ലയിൽ 114.

(ബി) അഞ്ചു്.

(സി) നാലു്.

സ്റ്റേറിലെ ഗ്രന്ഥശാലകളും വായനശാലകളും

* 659. [4] †ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ഗ്രന്ഥശാലാ സംഘത്തോടു ബന്ധപ്പെട്ട എത്ര ഗ്രന്ഥശാലകളും വായനശാലകളും ഉണ്ടു്;

(ബി) ഇവയ്ക്കെല്ലാംകൂടി പ്രതിവർഷം കൊടുക്കുന്ന ഗ്രാന്റു് എത്ര രൂപയാണു്;

(സി) ഇനിയും കഴിഞ്ഞയാണ്ടത്തെ (1962) ഗ്രാന്റു കൊടുക്കാത്ത വായനശാലകൾ ഉണ്ടോ; ഗ്രന്ഥശാലകൾ ഉണ്ടോ;

(ഡി) ഈ ഗ്രാന്റു കൊടുക്കാതിരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 3098.

(ബി) 2440 ഗ്രന്ഥശാലകൾക്കാണു് സാധാരണയായി ഗ്രാന്റു ലഭിക്കാറുള്ളതു്. 1962–63 വർഷത്തെ കണക്കനുസരിച്ചു് ഇവയ്ക്കെല്ലാംകൂടി 4,86,005 രൂപ ഗ്രാന്റായി കൊടുക്കുന്നുണ്ടു്.

(സി) ഉണ്ടു്.

(ഡി) വിവരം അടങ്ങിയ സ്റ്റേറുമെന്റു് ‡ മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻവേണ്ടി എസ്.ആർ. രംഗനാഥൻ എന്നൊരാളെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ടു പരിശോധിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: റിപ്പോർട്ടു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഗ്രാന്റു കൊടുക്കാതിരിക്കുവാനുള്ള കാരണങ്ങളുടെ വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു. സാംഗ്ഷൻ ചെയ്തിട്ടും ഗ്രാന്റു് ഇപ്പോഴും കിട്ടാതെ കിടക്കുന്ന കേസുകൾ എത്രയുണ്ടു്?

ശ്രീ. ആർ. ശങ്കർ; 1962–63–ലെ ഗ്രാന്റു തുകയിൽ മുഴുവൻ തുകയും ആ കൊല്ലംതന്നെ വിതരണംചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനു മുഖ്യമായിട്ടുള്ള കാരണം ഇതിനുവേണ്ടി റിപ്പോർട്ടു ചെയ്യാൻ നിയോഗിച്ചിരുന്ന ഗ്രഡേഷൻ കമ്മിറ്റി റിപ്പോർട്ടു മാർച്ചു് മാസത്തിലാണു് സമർപ്പിച്ചിട്ടുള്ളതു എന്നുള്ളതാണു്. വർഷാവസാനം ആകാറായതുകൊണ്ടു് ഏതാനും ദിവസങ്ങൾക്കകം തന്നെ കഴിയുന്നിടത്തോളം ലൈബ്രറികളുടെ റിപ്പോർട്ടു പരിശോധിച്ചു അവയ്ക്കു ഗ്രാന്റു അനുവദിച്ചു് ആർഡേഴ്സും അയച്ചിരുന്നു. 1033 ലൈബ്രറികളെ സംബന്ധിച്ചുള്ള ആർഡേഴ്സാണു് ഒടുവിലത്തേതായി അയച്ചിട്ടുള്ളതു്. അതുവരെയുള്ള കണക്കുകൾപ്രകാരം 633 ഗ്രന്ഥശാലകൾക്കു് ആ മാസാവസാനത്തിനുമുമ്പു് ക്യാഷ് ചെയ്യാൻ സാധിക്കാതെ വരികയും പിന്നീടു് അതു് നീ വാലിഡേറ്റു ചെയ്യേണ്ടി വരികയും ചെയ്തിട്ടുണ്ടു്. ഈ വർഷത്തിൽ ആകെ ശുപാർശ ചെയ്തിട്ടുള്ളതു് 1,258 എണ്ണത്തിനു ആണു്. അതിൽ നാൽപ്പത്തി

† Put by Shri P. Ravindran.

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly